HLM-0138

The Heavenly Light Ministry

1. ജയം ജയം ഹല്ലേലുയ്യാ ജയം ജയം എപ്പോഴും
യേശുനാഥൻ നാമത്തിനു ജയം ജയം എപ്പോഴും

2. പാപത്തെയും രോഗത്തെയും ക്രൂശിന്മേൽ താൻ വഹിച്ചു
സാത്താനേയും സൈന്യത്തെയും കാൽവറിയിൽ തോൽപിച്ചു

3. ശത്രുഗണം ഒന്നാകവെ ചെങ്കടലിൽ മുങ്ങിപ്പോയി
വൈരിയുടെ എതിർപ്പുകൾ ഫലിക്കയില്ലിനിമേൽ

4. വാദ്യഘോഷങ്ങളോടു നാം ജയത്തിന്റെ പാട്ടുകൾ
ആഘോഷമായ് പാടിടുക ശുദ്ധിമാന്മാർ സഭയിൽ

5. രക്തം കൊണ്ടു മുദ്രയിടപ്പെട്ട ജനമൊന്നിച്ചു
കാഹളങ്ങൾ ഊതിടുമ്പോൾ ഭൂതലം വിറയ്ക്കുമേ

6. തകർക്കുന്ന രാജരാജൻ സൈന്യത്തിന്റെ മുമ്പിലായ്
നായകനായുള്ളതിനാൽ ജയം ജയം നിശ്ചയം

7. ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ജയമേ
ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ഹല്ലേലുയ്യാ! ആമേൻ